# U.S.S. Examination - February, 2018

Roll No. | | | | | | |

| Paper - I | Part - B |
|---|---|

| Question Paper Code | Area/Subjects | No. of Questions | Sl. No. of Questions | Sl. No. of Pages |
|---|---|---|---|---|
| 102 M | 1st Language - Malayalam (BT) | 15 | 16 to 30 | 3 to 6 |

Space for Rough Work - Page No. : **2 and 7**

Instructions - Page No. : **1 and 8**

## നിർദ്ദേശങ്ങൾ

**ചോദ്യബുക്ക്‌ലെറ്റിന്റെ കവർ പേജിലും, ഒ.എം.ആർ. ഷീറ്റിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കണമെന്ന് അനുശാസിക്കുന്നു.**

1. പരീക്ഷാസമയമായ 1½ മണിക്കൂറിന് പുറമേയുള്ള 15 മിനിട്ട് ''കൂൾ ഓഫ് ടൈം'' ആയിരിക്കും.
2. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനും മറ്റുള്ളവരുമായി ആശയവിനിമയം നടത്താനും പാടില്ല.
3. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
4. പേപ്പർ ഒന്നിൽ **അൻപത്** (50) ചോദ്യങ്ങൾ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും കുട്ടികൾക്ക് ഉത്തരമെഴുതാവുന്നതാണ്. **പാർട്ട് - എ ഒന്നാം ഭാഷ (AT) – 15** ചോദ്യങ്ങൾ. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **പാർട്ട് - ബി ഒന്നാം ഭാഷ (BT) - 15** ചോദ്യങ്ങൾ **(ശരിയായി ഉത്തരമെഴുതിയ 10 ചോദ്യങ്ങളുടെ മാർക്ക് മാത്രമേ പരിഗണിക്കുകയുള്ളു.)** **പാർട്ട് - സി - ഗണിതശാസ്ത്രം** - 20 ചോദ്യങ്ങൾ. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. (**പേപ്പർ-I** ആകെ ചോദ്യങ്ങൾ **50** ആകെ മാർക്ക് - **45** )
5. ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് (മൈനസ് മാർക്ക്) ഉണ്ടായിരിക്കുന്നതല്ല.
6. ഉത്തരമെഴുതുവാൻ ഒ.എം.ആർ. ഷീറ്റിലും, ചോദ്യപേപ്പറിലും തന്നിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും അനുസരിക്കണമെന്ന് പരീക്ഷാർത്ഥികളെ അനുശാസിക്കുന്നു.
7. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പായി ഒ.എം.ആർ. ഷീറ്റിന്റെ മുകൾഭാഗത്തുള്ള കളങ്ങൾ പൂരിപ്പിക്കുക.
8. ഒ.എം.ആർ. ഷീറ്റിൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതിന് നീല മഷിയോ, കറുപ്പ് മഷിയോ ഉള്ള ബോൾ പോയിന്റ് പേനകൾ മാത്രം ഉപയോഗിക്കുക.
9. ഒ.എം.ആർ. ഷീറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തി വിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്തുവാൻ പാടില്ല. അങ്ങനെ എന്തെങ്കിലും ചെയ്താൽ അവരുടെ ഒ.എം.ആർ. ഷീറ്റ് റദ്ദാക്കുന്നതാണ്. ഇക്കാര്യത്തിൽ പരീക്ഷാഭവൻ സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കും.

# Paper - I
## Part - B
## 1st Language - Malayalam (BT)
## Question No. 16 to 30

16. 'കഥാനായകൻ' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമെന്ത് ?
   (A) കഥയിലെ നായകൻ
   (B) കഥയുടെ നായകൻ
   (C) കഥ പറയുന്ന നായകൻ
   (D) കഥയും നായകനും

17. 2017 -ലെ എഴുത്തച്ഛൻ പുരസ്കാരത്തിന് അർഹനായ സാഹിത്യകാരൻ ആരാണ് ?
   (A) സേതു
   (B) സുഗതകുമാരി
   (C) സച്ചിദാനന്ദൻ
   (D) എം. മുകുന്ദൻ

18. താഴെ നൽകിയിരിക്കുന്നവയിൽ തെറ്റായ ജോഡി ഏതെന്നു കണ്ടെത്തുക.
   (A) ടി. പത്മനാഭൻ – പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി
   (B) കെ.പി. കേശവമേനോൻ – ജീവിത ചിന്തകൾ
   (C) വൈക്കം മുഹമ്മദ് ബഷീർ – സ്നേഹത്തിന്റെ വർത്തമാനം
   (D) സി.വി. ബാലകൃഷ്ണൻ – പരൽ മീൻ നീന്തുന്ന പാടം

19. 'കേളികൊട്ടുക' എന്ന ശൈലിയുടെ ആശയമെന്ത് ?
   (A) ഉണരുക
   (B) ചെണ്ട കൊട്ടുക
   (C) അവസാനിപ്പിക്കുക
   (D) ആരംഭം കുറിക്കുക

20. 'കന്മതിലിന്മേൽക്കളം നിറഞ്ഞോരു നാ-
   ളമ്പലപ്രാവുകളെന്ന പോലെ'

   – കൊച്ചനുജൻ എന്ന ഇടശ്ശേരിയുടെ കവിതയിലെ വരികളിൽ അടിവരയിട്ട പദം സൂചിപ്പിക്കുന്നത് ആരെയാണ് ?
   (A) കൊച്ചനുജന്റെ കൂട്ടുകാരെ
   (B) വരന്റെ വീട്ടുകാരെ
   (C) പക്ഷികളെ
   (D) ചേച്ചിയുടെ കൂട്ടുകാരെ

21. 'നിഷ്ക്രമിക്കുക' എന്ന പദത്തിന്റെ ശരിയായ അർത്ഥമെന്ത് ?

(A) സ്വസ്ഥമായിരിക്കുക

(B) ആക്രമിക്കുക

(C) അകത്തു വരുക

(D) പുറത്തു പോവുക

22. 'അരയും തലയും മുറുക്കുക' എന്ന ശൈലിയുടെ ആശയമെന്ത് ?

(A) മുണ്ടുടുക്കുകയും തലയിൽ കെട്ടുകയും ചെയ്യുക.

(B) ഒരു കാര്യത്തിനായി തയ്യാറെടുക്കുക.

(C) നന്നായി വസ്ത്രം ധരിക്കുക.

(D) വ്യായാമം ചെയ്യുക.

23. ടി. പത്മനാഭന്റെ 'അശ്വതി' എന്ന കഥയിലെ അശ്വതിക്ക് 'പറിച്ചു നട്ടതിനുശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യതയുണ്ടായിരുന്നു' എന്ന കഥാകൃത്തിന്റെ വർണ്ണനയുടെ ആശയം എന്ത് ?

(A) അശ്വതിക്ക് ഉണങ്ങിയ ചെടിയുടെ രൂപമായിരുന്നു.

(B) അശ്വതി അന്യദേശത്തു നിന്നും ഇവിടെവന്ന് താമസം തുടങ്ങിയതാണ്. അവൾക്ക് മതിയായ സംരക്ഷണം ലഭിക്കുന്നില്ല.

(C) അശ്വതിക്ക് കടുത്ത ദാഹമുണ്ടായിരുന്നു.

(D) പറിച്ചുനടുന്ന ചെടികൾ പെട്ടെന്നു വാടിപ്പോകും.

24. താഴെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്ന് സാഹിത്യകാരനെ കണ്ടെത്താമോ ?

- കുറ്റിപ്പുറത്തു ജനിച്ചു
- വക്കീൽ ഗുമസ്തനായി ജോലി നോക്കി
- 'ശക്തിയുടെ കവി' എന്ന് അറിയപ്പെടുന്നു
- കാവിലെ പാട്ട് എന്ന കാവ്യം രചിച്ചു

(A) വൈലോപ്പിള്ളി ശ്രീധരമേനോൻ

(B) ചങ്ങമ്പുഴ കൃഷ്ണപിള്ള

(C) പി. കുഞ്ഞിരാമൻ നായർ

(D) ഇടശ്ശേരി ഗോവിന്ദൻ നായർ

25. താഴെ നൽകിയിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്ത പദമേത് ?

(A) സാഗരം

(B) സമുദ്രം

(C) സലിലം

(D) കടൽ

26. ''ഞാൻ ട്രൗസറിന്റെ ബട്ടൺ ഓരോന്നായി അഴിക്കാൻ തുടങ്ങി. അപ്പോൾ ഘനത്തോടെയുള്ളൊരു ശബ്ദം കേട്ടു. നില്ക്കൂ, ഞാൻ പണം തരാം''.

– ഒരു മനുഷ്യൻ എന്ന കഥയിലെ ഈ സന്ദർഭത്തിന് അനുയോജ്യമായ പ്രയോഗം ഏതാണ് ?

(A) ഇടിവെട്ടിയവനെ പാമ്പു കടിക്കുക

(B) ചെകുത്താനും കടലിനും നടുവിൽ

(C) നട്ടുച്ചയ്ക്കു കുളിർമഴ പെയ്യുക

(D) കയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ

– കവിതവായിച്ച് താഴെക്കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**27** മുതൽ **30** വരെ).

ഉച്ച വെയ്‌ലേറ്റു നടക്കവേ നെറ്റിമേ-
ലിറ്റിറ്റു വീണൂ മഴത്തുള്ളി
ഞെട്ടി ഞാൻ നോക്കവേ വാനിലൂടുണ്ടൊരു
കൊച്ചു കരിമുകിൽ നീങ്ങുന്നൂ
ആകെപ്പുകഞ്ഞു കിടക്കുമീ മൈതാന-
ഭൂമിതൻ മാറിലൂടൊറ്റയ്ക്കായ്
എങ്ങോ ജലം കൊണ്ടുനൽകും കറുമ്പിയാം
പെണ്ണിവളങ്ങനെ പോകുമ്പോൾ
പെട്ടെന്നൊരോടക്കുഴൽ വിളി കേട്ടവൾ
ഞെട്ടിത്തിരിഞ്ഞൊന്നു നിന്നേ പോയ് !
ഒക്കത്തിരിക്കും കുടത്തിൽ നിന്നപ്പൊഴൊ-
രിത്തിരി വെള്ളം തുള്ളുമ്പിപ്പോയ് !
ശ്യാമേ, വിഷണ്ണയായ് നിൽക്കേണ്ട, പോകനീ,
ഞാനുമപ്പൊൽക്കുഴൽ കേട്ടല്ലോ;
എന്നേ തുടങ്ങിയ ലീലയിതിങ്ങനെ
നമ്മെക്കുഴക്കുവാനാണല്ലോ!
നല്ലത്; നിൻ കുളിരിറ്റിറ്റു വീണതെൻ
പൊള്ളുന്ന നെറ്റി മേലായല്ലോ!

- സുഗതകുമാരി

27. ഉച്ച വെയിലേറ്റു നടക്കുന്ന കവയിത്രി പെട്ടെന്നു തിരിഞ്ഞു നോക്കാൻ കാരണമെന്ത് ?

(A) വാനിലൂടെ കരിമുകിൽ നീങ്ങുന്നതു കണ്ട്

(B) വെള്ളം കൊണ്ടുപോകുന്ന സ്ത്രീയെക്കണ്ട്

(C) നെറ്റിമേൽ മഴത്തുള്ളി ഇറ്റു വീണതുകൊണ്ട്

(D) ഓടക്കുഴൽ വിളി കേട്ടതു കൊണ്ട്

28. 'ഇത്തിരി വെള്ളം തുളുമ്പിപ്പോയ്'. വെള്ളം തുളുമ്പാൻ കാരണമെന്ത് ?

(A) കുടം ഒക്കത്തിരുന്നതു കൊണ്ട്

(B) ഓടക്കുഴൽ വിളികേട്ടതു കൊണ്ട്

(C) ഞെട്ടിത്തിരിഞ്ഞ് നിന്നതുകൊണ്ട്

(D) കുഴങ്ങിപ്പോയതു കൊണ്ട്

29. 'ശ്യാമേ, <u>വിഷണ്ണ</u>യായ് നില്ലേണ്ട, പോകനീ'. അടിവരയിട്ട പദം സൂചിപ്പിക്കുന്ന അർത്ഥമെന്ത് ?

(A) കറുത്തവൾ

(B) ദുഃഖിത

(C) ക്ഷീണിത

(D) ഏകാകിനി

30. ഈ കവിതയിൽ കറുമ്പിയായ പെണ്ണായി സങ്കല്പിച്ചിരിക്കുന്നത് ആരെയാണ് ?

(A) ആകാശത്തെ

(B) ഭൂമിയെ

(C) കവയിത്രിയെ

(D) കരിമുകിലിനെ

- o O o -